പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1980 *16.06.2014*-ൽ മറുപടിക്ക്

കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പ

ചോദ്യം | ഉത്തരം

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.അർ.ടി.സി. എത്ര കോടി രൂപയാണ് കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും വായ്പയായി എടുത്തിട്ടുള്ളത്; നിലവിൽ എത്ര ശതമാനം പലിശയ്ക്കാണ് പ്രസ്തുത തുക വായ്പയായി എടുത്തിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യ്ക്ക് 1324 കോടി രൂപ (ആയിരത്തി ഇരുന്നൂറ്റി എഴുപത്തി നാല്) കെ.റ്റി.ഡി.എഫ്.സി വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 42 കോടി രൂപ 15% പലിശയ്ക്കും 16 കോടി രൂപ 15.75% പലിശയ്ക്കും 30 കോടി രൂപ 16.25% പലിശയ്ക്കും ബാക്കി തുക 14.50% പലിശയ്ക്കുമാണു നൽകിയിട്ടുള്ളത്. നിലവിൽ 14.50% പലിശയാണു ചാർജു ചെയ്യുന്നത്. |
| (ബി) | ഒരു വർഷം ഇപ്രകാരം വായ്പായിനത്തിൽത്തന്നെ എത്ര കോടി രൂപയാണ് കെ.എസ്.ആർ.ടി.സി, കെ.റ്റി.ഡി.എഫ്.സി.-യ്ക്ക് അടച്ചുവരുന്നത്; | (ബി) | 2012-13 വർഷത്തിൽ 362.31 കോടി രൂപയും 2013-14 വർഷത്തിൽ 449.22 കോടി രൂപയും കെ.എസ്.ആർ.ടി.സി, കെ.റ്റി.ഡി.എഫ്.സി.യ്ക്ക് പലിശ സഹിതം വായ്പ തിരിച്ചടച്ചു. |
| (സി) | കെ.റ്റി.ഡി.എഫ്.സി.-യെ കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പിനായി മറ്റ് ഏജൻസികളെ പണം എടുക്കുന്നതിനായി സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ? | (സി) | സമീപിച്ചിട്ടുണ്ട്. ബസ്സുകൾ വാങ്ങുന്നതിനായി HUDCO, KST-133 Society എന്നീ ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ചിട്ടുണ്ട്. HUDCO-യിൽ നിന്നും വായ്പ എടുത്താണ് കോർപ്പറേഷൻ പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുന്നത്. പ്രസ്തുത വായ്പയ്ക്ക് നൽകി വരുന്ന പലിശ നിരക്ക് 11% (floating rate) ആണ്. കോർപ്പറേഷൻ പുതുതായി |

| | | | |
|---|---|---|---|
| | | | പുറത്തിറക്കിയ പത്ത് മൾട്ടി ആക്സിൽ VOLVO എ.സി. ബസുകൾ വാങ്ങുന്നതിനായി KST-133 Society-യെ സമീപിച്ചിട്ടുണ്ടായിരുന്നു. വായ്പ തുക ലഭ്യമാക്കുന്നതിനായുള്ള നടപടി ക്രമങ്ങൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ